പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1556 — 03-10-2011-ൽ മറുപടിയ്ക്ക്

## മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | എ) കോഴിക്കോട് ജില്ലയിലെ വെള്ളയിൽ കടപ്പുറത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 13.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഇൻവസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് സർക്കാർ അനുമതി നൽകുകയും അതിനുവേണ്ടിയുള്ള മാതൃകാ പഠനം പൂനയിലെ സെൻട്രൽ വാട്ടർ ആൻറ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.) എന്ന സ്ഥാപനം നടത്തി പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പരിസ്ഥിതി പഠനം തിരുവനന്തപുരത്തെ എൽ.ആൻറ് എം. അസോസിയേറ്റ്സ് എന്ന സ്ഥാപനം നടത്തി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കോസ്റ്റൽ റഗുലേഷൻ സോൺ (സി.ആർ. ഇസഡ്) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തിരുവനന്തപുരത്തെ സെസ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതിനു വേണ്ടിയിട്ടുള്ള ഫീസും ഒടുക്കിയിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് (എൻ.ഒ.സി.) ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഈ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയർ പദ്ധതി രൂപരേഖ സർക്കാരിൽ സമർപ്പിക്കുകയും സർക്കാരിൽ നിന്ന് പദ്ധതി രൂപ രേഖയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്ന മുറയ്ക്ക് വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിനു വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. എല്ലാ നടപടികളും ത്വരിതപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ